
യൂണിറ്റ് 3

# പ്രകൃതിയുടെ സമ്മാനങ്ങൾ

## ഏകകത്തെ കുറിച്ച്

മൃഗങ്ങൾക്കും സസ്യങ്ങൾക്കും പുറമെ, വെള്ളം, ഭക്ഷണം തുടങ്ങി പ്രകൃതിയിൽ നിരവധി കാര്യങ്ങൾ നാം കാണുന്നു.അവനമ്മുടെആരോഗ്യകരമായ ജീവിതത്തിനാവശ്യമായ വിലയേറിയ വിഭവങ്ങളാണ്.

ഈ ഏകകം വെള്ളം ഭക്ഷണം എന്നിവയെ കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കി തരുന്നു . ആരോഗ്യകരമായ ഭക്ഷണം കഴിക്കാനും ശുദ്ധമായ വെള്ളം കുടിക്കാനും നാം ശ്രദ്ധിക്കണം. വൃത്തിയായിരിക്കുന്നതും വ്യായാമം ചെയ്യുന്നതും നല്ല അനുഭവങ്ങൾ നൽകുന്നതിനും ആരോഗ്യകരമായി തുടരുന്നതിനും നമ്മെ സഹായിക്കുന്നു. നമ്മുടെ ഭൂമിയിലെ വിഭവങ്ങളെ ഭാവിയിലേക്ക് സംരക്ഷിക്കാനും നാം പഠിക്കണം.



© NCERT not to be republished

## അദ്ധ്യാപകർക്കുള്ള കുറിപ്പ്

ഈ ഏകകം 'പ്രകൃതിയുടെ സമ്മാനങ്ങൾ' എന്നതിനെ സംബന്ധിച്ചുള്ളതാണ്. ഈ അദ്ധ്യായങ്ങളിൽ ഉൾക്കൊള്ളുന്ന പ്രധാന ആശയങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു.

**അദ്ധ്യായം 7:** വെള്ളം -മഴ എങ്ങനെയാണ് നമുക്ക് വെള്ളം നൽകുന്നത് എന്നതാണ് പ്രകൃതിയുടെ വിലയേറിയ സമ്മാനങ്ങളിൽ ഒന്ന് , അത് പിന്നീട് വ്യത്യസ്ത രീതികളിൽ സംഭരിക്കപ്പെടുന്നു. ഞങ്ങൾ ഈ വെള്ളത്തിന്റെ ശുചിത്വം ഉറപ്പാക്കുകയും വീടുകളിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. ഓരോ കുടുംബവും ദൈനംദിന ഉപയോഗത്തിനായി വെള്ളം സംഭരിക്കുന്നു, അത് നിരവധി വിധത്തിൽ ഉപയോഗിക്കുന്നു. എന്നിരുന്നാലും, ജലത്തിന്റെ ഗുണനിലവാരവും അളവും സംബന്ധിച്ച് വെല്ലുവിളികൾ ഉയർന്നുവരുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജലസ്രോതസ്സുകൾ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ വിവിധ നടപടികൾ നാം നടത്തി വരുന്നു.

**അദ്ധ്യായം 8:** നാം കഴിക്കുന്ന ഭക്ഷണം നമ്മുടെ ആരോഗ്യം നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു എന്നത് മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വൈവിധ്യമാർന്ന ഭക്ഷണങ്ങൾ നമ്മൾ കഴിക്കുന്നു. ഓരോ ഭക്ഷ്യവസ്തുവും അവശ്യ പോഷകങ്ങൾ നൽകുന്നു, അത് നമ്മുടെ ശരീരത്തിന് സവിശേഷമായ രീതിയിൽ ഗുണം ചെയ്യുന്നു. നമ്മുടെ വിവിധ സംസ്കാരങ്ങൾ വ്യത്യസ്ത ഭക്ഷണങ്ങളുടെ പോഷക മൂല്യത്തെക്കുറിച്ച് വിലപ്പെട്ട അറിവുകളും , കൂടാതെ ആരോഗ്യകരമായ ഭക്ഷണക്രമം തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നു.

**അദ്ധ്യായം 9:** ആരോഗ്യത്തോടെയും സന്തോഷത്തോടെയും തുടരുക എന്നത് ശുചിത്വവും നല്ല ആരോഗ്യവും നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. നമ്മുടെ വീടുകളിലും ചുറ്റുപാടുകളിലും ശുചിത്വം ഉറപ്പുവരുത്തിക്കൊണ്ട് ശുചിത്വത്തിന്റെയും വൃത്തിയുടേയും അവശ്യ തത്ത്വങ്ങൾ നമ്മൾ മനസിലാക്കുന്നു. പതിവ് വ്യായാമം നമ്മുടെ ദിനചര്യയുടെ ഭാഗമായി മാറുന്നു, ഇത് ശാരീരിക ക്ഷമതയും വൈകാരിക ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ പരിസ്ഥിതിയുടെ സ്ഥാപിത നിയമങ്ങളും നിയന്ത്രണങ്ങളും മനസിലാക്കുകയും പിന്തുടരുകയും ചെയ്യുന്നത് , സംഭവ്യമായ ദോഷങ്ങളിൽ നിന്ന് നമ്മെ സംരക്ഷിക്കുന്നു.





- ക്ലാസ്സിൽ ഒരു 'ഭക്ഷ്യ മേള' ആസൂത്രണം ചെയ്യുക; ധാന്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ മുതലായ വൈവിധ്യമാർന്ന ഭക്ഷ്യവസ്തുക്കൾ പ്രദർശിപ്പിക്കാൻ ശ്രമിക്കുക.
- വെള്ളം സംഭരിക്കാൻ ഉപയോഗിക്കുന്ന വിവിധതരം പെട്ടികളുടെയും പാത്രങ്ങളുടെയും ഒരു പ്രദർശനം സംഘടിപ്പിക്കുക; നിങ്ങൾക്ക് ചിത്രങ്ങൾ പ്രദർശിപ്പിക്കാനും കഴിയും.
- ഭക്ഷണം, വെള്ളം, ശുചിത്വം, ആരോഗ്യകരമായ ശീലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആധികാരികവും പ്രായത്തിനനുയോജ്യവുമായ ഹ്രസ്വ ദൃശ്യചിത്രങ്ങളും ചലനചിത്രങ്ങളും കഥാപുസ്തകങ്ങളും കവിതകളും കൈവശം വയ്ക്കുക.
- സന്ദർശനങ്ങൾ അല്ലെങ്കിൽ സന്ദർശകർ: നിങ്ങളുടെ അയൽപക്കത്തെ വിവിധ ജലസ്രോതസ്സുകളിലേക്കുള്ള സന്ദർശനം സുരക്ഷിതമായ രീതിയിൽ ആസൂത്രണം ചെയ്യുക. നല്ല ആരോഗ്യത്തിനായി യോഗാസനങ്ങൾ പ്രദർശിപ്പിക്കാൻ ഒരു യോഗ പരിശീലകനെ ക്ഷണിക്കുക; ശുചിത്വവും ശുചിത്വം നിലനിർത്തുന്നതിനെയും കുറിച്ച് കുട്ടികളോട് സംസാരിക്കാൻ ഒരു ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥനെ ക്ഷണിക്കുക; ഭക്ഷ്യമേളയ്ക്കിടെ അവരുടെ പരമ്പരാഗത ഭക്ഷണരീതികൾ പങ്കിടാനും സംസാരിക്കാനും മാതാപിതാക്കളെയും കമ്മ്യൂണിറ്റി അംഗങ്ങളെയും ക്ഷണിക്കുക.

© NCERT not to be republished

അധ്യായം 7

0335CH07

# വെള്ളം— വിലപ്പിടിപ്പുള്ള ഒരു സമ്മാനം



## മഴയെ, മഴയെ, വീണ്ടും വരൂ



© NCERT not to be republished

**ഒരിക്കലും മുകളിലേക്ക് വരാത്ത രീതിയിൽ ,
താഴോട്ട് മാത്രം വരുന്നത് എന്താണ് ?**

ഒരാഴ്ച എല്ലാ ദിവസവും ആകാശത്തെ വീക്ഷിക്കുക. മഴ പെയ്യുമോ? ചില ദിവസങ്ങളിൽ നിങ്ങളുടെ ഊഹം ശരിയാവാം , ചില ദിവസങ്ങളിൽ അത് തെറ്റായിരിക്കാം.
മഴ പെയ്യുമോ എന്ന് ഊഹിക്കാൻ സഹായിക്കുന്ന എന്തെങ്കിലും സൂചനകൾ ഉണ്ടോ? അവർ എങ്ങനെ ഊഹിക്കുന്നു എന്ന് മുതിർന്നവരോട് ചോദിക്കുക. സൂചനകൾ എഴുതുക.

ഇന്ന് മഴ പെയ്യുമെന്ന് ഞാൻ കരുതുന്നു കാരണം ...
(കുറഞ്ഞത് 2 സൂചനകൾ എഴുതുക)

______________________________________

______________________________________

ഇന്ന് മഴ പെയ്യില്ലെന്ന് ഞാൻ കരുതുന്നു കാരണം ...
(കുറഞ്ഞത് 2 സൂചനകൾ എഴുതുക)

______________________________________

______________________________________

## ഇവിടെ വരുന്നു മഴ!



© NCERT not to be republished

**അദ്ധ്യാപകർക്കുള്ള കുറിപ്പ്**
നിങ്ങളുടെ പ്രദേശത്ത് മഴ പെയ്യുമ്പോഴെല്ലാം ഈ അധ്യായത്തിന്റെ ആദ്യ ഭാഗം ചെയ്യാൻ കഴിയും. കുട്ടികൾക്ക് സ്വതന്ത്രമായി നിരീക്ഷിക്കാനും ചോദ്യം ചെയ്യാനും ഊഹങ്ങൾ നടത്താനും ചർച്ച ചെയ്യാനും വരയ്ക്കാനും അവരുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്താനും കഴിയും.

## പ്രവർത്തനം 1

മഴയെക്കുറിച്ച് കഴിയുന്നത്ര ചോദ്യങ്ങൾ സ്വയം ചോദിക്കുക.

- കനത്ത മഴയാണോ അതോ നേരിയ മഴയാണോ?
- മഴത്തുള്ളികൾ ചെറുതോ വലുതോ?
- അവ വേഗത്തിലാണോ പതുക്കെയാണോ വരുന്നത്?
- മഴ വളരെ കനത്തതാണോ, നിങ്ങൾ ജലത്തുള്ളികൾ കാണുന്നില്ല, മറിച്ച് വരകളോ വെള്ളത്തിന്റെ ഷീറ്റുകളോ മാത്രമാണോ?
- മഴ നേരെ താഴേക്ക് വീഴുകയാണോ? അത് ചരിഞ്ഞിരിക്കുകയാണോ അതോ ദിശ മാറ്റുകയാണോ? അതെന്തിനാണെന്ന് ഊഹിക്കാമോ.
- മഴവെള്ളം ഒരു പാത്രത്തിൽ ശേഖരിക്കുക. വൃത്തിയായോ വൃത്തിയായോ തോന്നുന്നുണ്ടോ?

### ചിത്രീകരിക്കുക

- നിങ്ങൾ നിരീക്ഷിച്ച മഴയുടെ ഒരു ചിത്രം വരയ്ക്കുക.



© NCERT not to be republished







- ഇന്ന് വീണ്ടും മഴ പെയ്യുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അതോ നാളെയോ? എന്തുകൊണ്ടാണ് നിങ്ങൾ അങ്ങനെ കരുതുന്നത്?
- നിങ്ങളുടെ പ്രദേശത്ത് മാത്രമാണോ അതോ അടുത്തുള്ള മറ്റ് സ്ഥലങ്ങളിലോ മഴ പെയ്തിട്ടുണ്ടോ? ഒരു ഊഹം ഉണ്ടാക്കുക, എന്നിട്ട് ചോദിക്കുക, കണ്ടെത്തുക.
- മഴയെക്കുറിച്ചുള്ള ചില പാട്ടുകൾ കണ്ടെത്തുക അല്ലെങ്കിൽ നിങ്ങളുടെ ഭാഷയിലോ മറ്റേതെങ്കിലും ഭാഷയിലോ ഒരെണ്ണം ഉണ്ടാക്കുക. മഴയെക്കുറിച്ച് ചില പാട്ടുകൾ പാടുക.
- മഴ നിന്നെ സന്തോഷിപ്പിച്ചോ? അത് എല്ലാവരെയും സന്തോഷിപ്പിച്ചോ?

## മഴവെള്ളത്തിന് എന്തുപറ്റി?



മഴ പെയ്തപ്പോൾ ധാരാളം വെള്ളം നിലത്തു വീണു. ഈ വെള്ളമെല്ലാം എവിടെപ്പോയി? വ്യത്യസ്ത പ്രതലങ്ങളിൽ പെയ്യുന്ന മഴവെള്ളത്തിന് എന്ത് സംഭവിക്കുമെന്ന് നിങ്ങൾക്കറിയാമോ.

മഴവെള്ളം മണ്ണിലേക്ക് ആഗിരണം ചെയ്യപ്പെടുന്നുണ്ടോ, കുളങ്ങളിൽ ശേഖരിക്കപ്പെടുന്നുണ്ടോ അതോ ഒഴുകിപ്പോകുന്നുണ്ടോ? ഇത് ഒരു ചെറിയ അരുവിയിലോ നദിയിലോ പോയി ചേരുന്നുണ്ടോ എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?



മഴ നിൽക്കുകയും സൂര്യൻ ഉദിക്കുകയും ചെയ്താൽ എന്ത് സംഭവിക്കും? ഈ വെള്ളത്തിനെല്ലാം എന്ത് സംഭവിക്കും? നിങ്ങൾ സ്വയം ചിന്തിക്കുക.

മഴവെള്ളം മണ്ണിൽ ഒലിച്ചിറങ്ങുമ്പോൾ, അത് മണ്ണിനടിയിലൂടെ സാവധാനം ഒഴുകി ഒരു അരുവിയിലോ കുളത്തിലോ എത്തി ചേർന്നേക്കാം. കുറച്ച് വെള്ളം മണ്ണിനടിയിലെ പാറകൾക്കിടയിൽ സംഭരിക്കപ്പെടുന്നു. നമ്മുടെ കിണറുകളിലെ വെള്ളം വരുന്നത് ഈ ഭൂഗർഭജലത്തിൽ നിന്നാണ്.



അരുവിയിലൂടെ ഒഴുകുന്ന വെള്ളം പിന്നീട് നദികളിൽ ചേരുന്നു. കുറച്ച് വെള്ളം ചെളികുണ്ടുകളിലും കുളങ്ങളിലും തടാകങ്ങളിലും കടലിലും സമുദ്രങ്ങളിലും എത്തിച്ചേരുന്നു.


© NCERT not to be republished






നിങ്ങളുടെ ഗ്രാമത്തിനോ നഗരത്തിനോ സമീപം ഒരു അരുവിയോ നദിയോ കുളമോ തടാകമോ ഉണ്ടോ? അതിന്റെ പേരും അതിനെ കുറിച്ചുള്ള ചില വിവരങ്ങളും കണ്ടെത്തുക.
അത് സന്ദർശിച്ച് അതിന്റെ ചിത്രം വരയ്ക്കുക. അതിനു ചുറ്റും കാണുന്ന മരങ്ങളോ പക്ഷികളോ മൃഗങ്ങളോ വരയ്ക്കുക.
ഒരു നദിയെക്കുറിച്ചുള്ള ഒരു കവിത കണ്ടെത്തി ക്ലാസ്സിൽ പാടുക.

## വെള്ളം വിലപ്പിടിപ്പുള്ള വരദാനമാണ്!



വെള്ളം ആകാശത്ത് നിന്ന് ലഭിക്കുന്ന ഒരു വരദാനമാണ്. ഈ സമ്മാനം പ്രത്യേക രീതികളിൽ നമ്മുടെ വീടുകളിൽ എത്തുന്നു.

ഈ സമ്മാനം നാം എങ്ങനെ പരിപാലിക്കും? ഇത് എങ്ങനെ സംഭരിക്കാം? അത് കൊണ്ട് നമ്മളെന്ത് ചെയ്യും? നമുക്ക് വീടിനുള്ളിൽ പോയി നോക്കാം.

മിക്ക ദിവസങ്ങളിലും സൂര്യയ്ക്കും ബർഖയ്ക്കും വീട്ടിലെ ടേപ്പുകളിൽ നിന്നാണ് വെള്ളം ലഭിക്കുന്നത്. സ്കൂളിലും അവർക്ക് ടേപ്പുകളിൽ നിന്നാണ് വെള്ളം ലഭിക്കുന്നത്.

ഈ ടേപ്പുകളിലേക്ക് വെള്ളം വരുന്നത് എവിടെ നിന്നാണ്? സൂര്യയും ബർഖയും പൈപ്പുകൾ പിന്തുടർന്നപ്പോൾ മേൽക്കൂരയിൽ ഒരു ടാങ്ക് ഉണ്ടെന്ന് കണ്ടെത്തി. ടാങ്കിലേക്ക് വെള്ളം ആദ്യം എങ്ങനെ എത്തുന്നു എന്ന ആശയക്കുഴപ്പത്തിലാണ് ഇപ്പോൾ അവർ.

### അദ്ധ്യാപകർക്കുള്ള കുറിപ്പ്


നാലാം ക്ലാസിൽ മാത്രമേ ജലചംക്രമണത്തെ കുറിച്ച് പരിചയപ്പെടുത്തൂ. ഇപ്പോൾ, കഠിനമായ പ്രതലങ്ങളിൽ അവശേഷിക്കുന്ന വെള്ളം വെയിലത്ത് വറ്റിപ്പോകുന്നത് കുട്ടികൾ ശ്രദ്ധിക്കട്ടെ. മണ്ണിൽ ആഴ്ന്നിറങ്ങുന്ന മഴവെള്ളം ഏറ്റവും പ്രധാനമാണ്, കാരണം അത് നമ്മുടെ ജലസ്രോതസ്സുകളെ സമ്പന്നമാക്കുകയും സസ്യങ്ങൾ വളരാൻ സഹായിക്കുകയും ചെയ്യുന്നു.




## നിങ്ങൾക്ക് എവിടെ നിന്നാണ് വെള്ളം ലഭിക്കുന്നത്?



ടാപ്പിൽ നിന്ന് വെള്ളം കിട്ടാറുണ്ടോ? ഉണ്ടെങ്കിൽ, ടാപ്പിലേക്ക് വെള്ളം എവിടെ നിന്ന് വരുന്നുവെന്ന് നിങ്ങളുടെ വീട്ടിലെ മുതിർന്നവരോട് ചോദിക്കുക. ടെറസിലോ കുറച്ച് അകലെയോ ഉയരമുള്ള ഒരു ടാങ്കിനെക്കുറിച്ച് അവർ നിങ്ങളോട് പറഞ്ഞേക്കാം.



വെള്ളം സംഭരിക്കുന്ന ഏതെങ്കിലും ടാങ്കുകളെ നിങ്ങൾ കണ്ടെത്തിയോ? എങ്ങനെയാണ് ആ ടാങ്കുകളിൽ വെള്ളം എത്തിയത്? ഈ ടാങ്കിലേക്ക് വെള്ളം കൊണ്ടുവരുന്ന ചില വലിയ പൈപ്പുകൾ ഉണ്ടോ? ഈ പൈപ്പുകൾ എവിടെ നിന്ന് വരുന്നു?



കിണറ്റിൽ നിന്നോ കുഴൽക്കിണറിൽ നിന്നോ നിങ്ങൾക്ക് വെള്ളം ലഭിക്കുന്നുണ്ടോ? കിണറ്റിൽ നിന്ന് വെള്ളം എടുക്കുന്നത് എങ്ങനെയെന്ന് നിരീക്ഷിക്കുക. ഇതിനായി കപ്പിയും കയറും അല്ലെങ്കിൽ ഒരു ഹാൻഡ് പമ്പ് അല്ലെങ്കിൽ ഒരു ഇലക്ട്രിക് പമ്പ് ഉപയോഗിക്കാം. കിണറ്റിലെ വെള്ളം എവിടെ നിന്ന് വരുന്നുവെന്ന് വീണ്ടും ചിന്തിക്കുക.



ടാപ്പിൽ നിന്നോ കിണറ്റിൽ നിന്നോ നദിയിൽ നിന്നോ തടാകത്തിൽ നിന്നോ ആരെങ്കിലും നിങ്ങളുടെ വീട്ടിലേക്ക് വെള്ളം കൊണ്ടുവരുന്നുണ്ടോ? ആരാണ് ഈ വെള്ളം കൊണ്ടുവരുന്നത്? അവർ അത് എങ്ങനെ കൊണ്ടുവരും? നിങ്ങൾ വെള്ളം കൊണ്ടുവരുന്ന ആളുകളോട് ഒരു വലിയ 'നന്ദി' പറയുക!




- ടാങ്കറിൽ വെള്ളം എത്തിക്കാറുണ്ടോ? ഉണ്ടെങ്കിൽ, ടാങ്കറുകൾ എവിടെ നിന്നാണ് വെള്ളം കൊണ്ടുവരുന്നതെന്ന് കണ്ടെത്തുക. നിങ്ങളുടെ ഗ്രാമത്തിനോ നഗരത്തിനോ സമീപമുള്ള കിണറ്റിൽ നിന്നോ നദിയിൽ നിന്നോ തടാകത്തിൽ നിന്നോ നിങ്ങൾക്ക് വെള്ളം ലഭിക്കുന്നുണ്ടോ?
- എല്ലാ ദിവസവും വെള്ളം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന ആരെയെങ്കിലും നിങ്ങൾക്കറിയാമോ?



© NCERT not to be republished


# ജലം ദൈനംദിന ജീവിതത്തിൽ

## എഴുതുക

- വെള്ളം ആവശ്യമായി വരുന്ന നിങ്ങൾക്ക് കണ്ടെത്താൻ കഴിയുന്ന എല്ലാ പ്രവർത്തനങ്ങളും പട്ടികയാക്കുക.
- പല്ല് തേക്കാൻ എത്ര കപ്പ് വെള്ളം വേണം? കുളിക്കാൻ നിങ്ങൾ എത്ര വെള്ളം ഉപയോഗിക്കുന്നു?

നിങ്ങൾക്ക് എപ്പോഴെങ്കിലും വെള്ളം ലഭിക്കാത്ത ഒരു സാഹചര്യം നേരിടേണ്ടി വന്നിട്ടുണ്ടോ? അപ്പോൾ നിങ്ങൾ എന്താണ് ചെയ്തത്?

ഒരു ദിവസം സൂര്യയ്ക്കും ബർഖയ്ക്കും അങ്ങനെ സംഭവിച്ചു. അവരെന്താണ് ചെയ്തതെന്ന് നിങ്ങൾക്കറിയാമോ?




അതിനാൽ എല്ലായിപ്പോഴും

© NCERT not to be republished




നിങ്ങളുടെ മുത്തശ്ശിമാരോടോ ഏതെങ്കിലും മുതിർന്നവരോടോ ചോദിക്കുക:

- അവർക്ക് എങ്ങനെയാണ് വെള്ളം കിട്ടിയിരുന്നത്? നിങ്ങളെപ്പോലെ അവരും വെള്ളം ഉപയോഗിച്ചിരുന്നോ?
- അവർ എങ്ങനെയാണ് വെള്ളം സംഭരിച്ചിരുന്നത്?
- നിങ്ങൾ കണ്ടെത്തിയതിനെക്കുറിച്ച് ഒരു ചെറിയ കഥ എഴുതുക.

വെള്ളം ലഭിക്കുന്നില്ല എന്ന് മനസ്സിലാക്കുമ്പോൾ ഞങ്ങൾ അത് സംഭരിക്കുന്നു. ചില സ്ഥലങ്ങളിൽ ആളുകൾക്ക് വീടുകളിൽ ടാപ്പുകളിലൂടെയും പൈപ്പുകളിലൂടെയും ഒഴുകുന്ന വെള്ളം ലഭിക്കുന്നില്ല. അവർ നദിയിൽ നിന്നോ കിണറ്റിൽ നിന്നോ വെള്ളം കൊണ്ടുവരണം. ചിലപ്പോൾ ഇത് വാട്ടർ ടാങ്കറുകളിൽ എത്തിച്ച് വീട്ടിൽ സൂക്ഷിക്കുന്നു. വർഷങ്ങൾക്കുമുമ്പ് ലോകത്തൊരിടത്തും പൈപ്പുകളോ ടാപ്പുകളോ ഉണ്ടായിരുന്നില്ല. അതിനാൽ വെള്ളം സംഭരിക്കാനുള്ള പാത്രങ്ങൾ നിർമ്മിക്കാൻ ആളുകൾ പഠിച്ചു. വീട്ടിൽ വെള്ളം സംഭരിക്കാൻ ഞങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്ന ചില പാത്രങ്ങൾ ഇതാ.

അവ വ്യത്യസ്ത വസ്തുക്കൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.



കളിമൺപാത്രം


കളിമണ്ണ് സുറഹി സുരഹി


ചെമ്പ് പാത്രം



പിച്ചള പാത്രം


സ്റ്റീൽ പാത്രം


അലുമിനിയം പാത്രം


ഗ്ലാസ് കുപ്പി


പ്ലാസ്റ്റിക് കുപ്പി


പ്ലാസ്റ്റിക് ബക്കറ്റ്


© NCERT not to be republished



## പ്രവർത്തനം 3

### ഒരു പ്രദർശനമേള സംഘടിപ്പിക്കുക

- നിങ്ങളുടെ വീട്ടിൽ വെള്ളം സൂക്ഷിക്കാൻ ഉപയോഗിക്കുന്ന വ്യത്യസ്ത പാത്രങ്ങൾ തിരിച്ചറിയുക.
- നിങ്ങളുടെ കുടുംബത്തിലെ മുതിർന്നവരോട് ഏത് തരം പാത്രങ്ങളിലാണ് വെള്ളം സംഭരിച്ചിരുന്നതെന്ന് ചോദിക്കുക.
- അവ ഇപ്പോൾ ഉപയോഗിക്കുന്നതിൽ നിന്ന് വ്യത്യസ്തമായിരുന്നോ?
- പാത്രങ്ങൾക്ക് വ്യത്യസ്ത പേരുകൾ ഉണ്ടായിരുന്നോ?
- ഒരു പ്രത്യേക കടലാസിൽ നിങ്ങൾക്ക് രസകരമായി തോന്നുന്ന ഏതെങ്കിലും പാത്രത്തിന്റെ ചിത്രം വരയ്ക്കുകയും നിങ്ങളുടെ ഭാഷയിൽ അതിന്റെ പേര് എഴുതുകയും ചെയ്യുക.
- നിങ്ങളുടെ അധ്യാപകന്റെ സഹായത്തോടെ നിങ്ങളുടെ ക്ലാസ് മുറിയിൽ ഈ ചിത്രങ്ങളുടെ ഒരു പ്രദർശനം സംഘടിപ്പിക്കുക.
- ചുറ്റും നടന്ന് നിങ്ങളുടെ സഹപാഠികളുടെ ചിത്രങ്ങൾ നിരീക്ഷിക്കുക.
- എത്ര വ്യത്യസ്ത തരം പാത്രങ്ങൾ വരച്ചിട്ടുണ്ട്?
- പാത്രങ്ങളിൽ എന്തെങ്കിലും രൂപഘടനകൾ നിങ്ങൾ കണ്ടെത്തിയോ?









© NCERT not to be republished


## *ഒരു നിമിഷം നിൽക്കൂ, ചിന്തിക്കൂ!*









- വെള്ളം മഴയായി ഭൂമിയിലേക്ക് വരുന്നു..
- അരുവികൾ, നദികൾ, കുളങ്ങൾ, തടാകങ്ങൾ, കിണറുകൾ, ഭൂഗർഭജലം മുതലായ നമ്മുടെ പല സ്രോതസ്സുകളും ഇത് സാവധാനം സംഭരിക്കുന്നു.
- ഈ സ്രോതസ്സുകളിൽ നിന്നാണ് നമ്മൾ പല വിധത്തിൽ നമ്മുടെ വീടുകളിലേക്ക് വെള്ളം എത്തിക്കുന്നത്.
- നാം അത് പല തരത്തിൽ സംഭരിക്കുന്നു.
- നാം അത് പല വിധത്തില് ഉപയോഗിക്കുന്നു.
- നമ്മൾ വെള്ളം ഉപയോഗിച്ചാൽ അതിന് എന്ത് സംഭവിക്കും?







വെള്ളം നമ്മളേയും വസ്തുക്കളേയും വൃത്തിയായി സൂക്ഷിക്കാൻ സഹായിക്കുന്നു. ഇത് നമ്മുടെ ആരോഗ്യത്തിന് വളരെ പ്രധാനമാണ്. എന്നാൽ നമ്മൾ ഉപയോഗിച്ചു കഴിഞ്ഞാൽ, വെള്ളം വൃത്തികേടാകുന്നു. കുടിക്കാനോ പാചകം ചെയ്യാനോ മലിനജലം ഉപയോഗിക്കരുത്. എന്നാൽ നമ്മുടെ ചെടികൾക്ക് വെള്ളം നനയ്ക്കുന്നതിനോ ശൗചാലയങ്ങൾ കഴുകുന്നതിനോ നമുക്ക് ഉപയോഗിച്ച ജലം വീണ്ടും ഉപയോഗിക്കാം.

ജലത്തിന്റെ ഉപയോഗം കുറയ്ക്കാൻ സാധ്യമാകുമ്പോഴെല്ലാം വെള്ളം പുനരുപയോഗിക്കാൻ നമുക്ക് ശ്രമിക്കാം..

വെള്ളത്തിൽ വളരെയധികം സോപ്പും മറ്റ് രാസവസ്തുക്കളും ചേർക്കരുത്. ആകാശത്തിൽ നിന്നുള്ള ഈ വിലയേറിയ വരദാനം നമുക്ക് പരിപാലിക്കാം!

© NCERT not to be republished



## ഓരോ തുള്ളിയും എണ്ണപ്പെടും

ജലം പവിത്രമായി കണക്കാക്കപ്പെടുന്നു, കാരണം അത് നമ്മുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. കുടിവെള്ളമില്ലാതെ 3 ദിവസത്തിൽ കൂടുതൽ ജീവിക്കാൻ കഴിയില്ല. അതുകൊണ്ടാണ് നമ്മളുടെ വീട്ടിലേക്ക് വരുന്ന ആളുകൾക്ക് നമ്മൾ ആദ്യം വെള്ളം നൽകുന്നത്. മഴ വളരെ കുറവുള്ളതും വലിയ ജലാശയങ്ങളില്ലാത്തതുമായ ചില സ്ഥലങ്ങളിൽ ആളുകൾക്ക് വെള്ളം കിട്ടാൻ ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്നു.


എല്ലാവർക്കും എവിടെയും എപ്പോൾ വേണമെങ്കിലും ശുദ്ധമായ കുടിവെള്ളം ലഭിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?


## നടപടിയെടുക്കുക

നിങ്ങളുടെ വാതിൽക്കൽ വരുന്നവർക്ക് ശുദ്ധമായ കുടിവെള്ളം നൽകുക. അത് ഞങ്ങൾക്ക് തപാൽ അല്ലെങ്കിൽ ശുചിത്വ സേവനങ്ങൾ നൽകുവാൻ വരുന്ന ആളുകളോ ആകാം. വീടിന് പുറത്ത് പാത്രത്തിൽ വെള്ളം സൂക്ഷിക്കുന്ന സമ്പ്രദായം പലയിടത്തുമുണ്ട്, അപ്പോൾ ദാഹിച്ചുവരുന്ന ആർക്കും വെള്ളം കുടിക്കാം, പ്രത്യേകിച്ച് വേനൽക്കാലത്ത്.



ജനങ്ങൾക്ക് സൗജന്യ കുടിവെള്ളം


ടാങ്കിൽ മൃഗങ്ങൾക്ക് കുടിവെള്ളം


പക്ഷികൾക്ക് കുളിക്കുന്നതിനുള്ള സൗകര്യം

© NCERT not to be republished




## പ്രവർത്തനം 4


**പക്ഷികൾക്ക് കുളിക്കാനുള്ള സൗകര്യമൊരുക്കുക - വേനൽക്കാലത്ത് പക്ഷികൾക്ക് വെള്ളം നൽകുക.**

പക്ഷികൾക്ക് കുടിക്കാനും തണുപ്പിക്കാനും ആഴം കുറഞ്ഞ പാത്രത്തിൽ വെള്ളം ഒരുക്കിയിരിക്കുന്നു.

- ആഴമില്ലാത്തതും വീതിയുള്ളതുമായ ഒരു പാത്രം എടുക്കുക (ഒരു പഴയ വലിയ പാത്രം അല്ലെങ്കിൽ ഒരു പഴയ പാത്രത്തിന്റെ അടിഭാഗം അല്ലെങ്കിൽ ഒരു ബക്കറ്റ്, 10 സെന്റിമീറ്ററിൽ കുറവ് ആഴമുള്ളത്)




- പക്ഷികൾക്ക് ഇരിക്കാനായി കുറച്ച് കല്ലുകൾ അതിൽ വയ്ക്കുക . ചെറിയ ഉരുളൻ കല്ലുകൾ ചേർത്ത്നിങ്ങൾക്ക്വശങ്ങൾചരിവുള്ളതാക്കാം. ഈ വെള്ളം ഉപയോഗിക്കുന്നതിന് ചെറിയ ഉരുളൻ കല്ലുകളും പ്രാണികളെ സഹായിക്കുന്നു.



- ശുദ്ധജലം നിറച്ച് പാത്രം നിങ്ങളുടെ മുറ്റത്തോ ബാൽക്കണിയിലോ ടെറസിലോ സൂക്ഷിക്കുക.
- വെള്ളം ഇടയ്ക്കിടെ മാറ്റുക.



- ആഴ്ചയിൽ രണ്ടുതവണ സ്ക്രബർ ഉപയോഗിച്ച് ബേർഡ്ബാത്ത് വൃത്തിയാക്കുക. അടുക്കള പാത്രങ്ങൾക്കായി ഈ സ്ക്രബർ ഉപയോഗിക്കരുത്; അത് പൂന്തോട്ടത്തിനായി കരുതിവയ്ക്കുക.



© NCERT not to be republished

## നമുക്ക് ചിന്തിക്കാം


### A. എഴുതുക

1. നിങ്ങൾ മഴയ്ക്കായി കാത്തിരുന്നു, മഴത്തുള്ളികൾ എങ്ങനെ നിലത്തു വീഴുന്നുവെന്ന് നിങ്ങൾ കണ്ടു. നിങ്ങൾ മഴവെള്ളം ശേഖരിച്ചു, അത് വൃത്തിയുള്ളതാണോ വൃത്തിഹീനമാണോ എന്ന് നിരീക്ഷിച്ചു. വിവിധ സ്ഥലങ്ങളിൽ വീണ മഴവെള്ളത്തിന് എന്ത് സംഭവിച്ചുവെന്ന് നിങ്ങൾ കണ്ടു. ഇപ്പോൾ മഴയെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണങ്ങളെക്കുറിച്ച് കുറച്ച് വരികളിൽ എഴുതുക.
2. നിങ്ങളുടെ പ്രദേശത്തിനടുത്തുള്ള ഒരു അരുവി, നദി, കിണർ, കുളം അല്ലെങ്കിൽ തടാകം എന്നിവയുടെ പേരും അതിനെ കുറിച്ചുള്ള വിവരങ്ങളും കണ്ടെത്തി, ഏതാനും വരികളിൽ എഴുതുക: ഈ വെള്ളം കുടിക്കാൻ ഉപയോഗിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, ഈ വെള്ളം എങ്ങനെയാണ് നിങ്ങളുടെ വീട്ടിലേക്ക് എത്തിക്കുന്നത്? ഉപയോഗിക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല? ഇത് പണ്ട് ഉപയോഗിച്ചിരുന്നോ

### B. വരയ്ക്കുക


പക്ഷികൾക്ക് കുളിക്കുന്നതിന് നിങ്ങൾ ഒരുക്കിയ സംവിധാനം വരയ്ക്കുക. നിങ്ങളുടെ സംവിധാനത്തിൽ നിന്ന് വെള്ളം കുടിക്കാൻ വരുന്ന പക്ഷികളുടെയും പ്രാണികളുടെയും പേരുകൾ എഴുതുക.

© NCERT not to be republished



### C. ചർച്ച ചെയ്യുക

വെള്ളം വളരെ വിലപ്പെട്ടതാണ്. അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ച് നാം ജാഗ്രത പാലിക്കണം. ഒരു തുള്ളി വെള്ളം പോലും പാഴാക്കരുത്. വെള്ളം മലിനമാകുകയോ പാഴാകുകയോ ചെയ്യുന്ന നിങ്ങളുടെ വീട്ടിലോ പുറത്തോ ഉള്ള പ്രവർത്തനങ്ങൾ നിങ്ങൾക്കിടയിൽ ചർച്ച ചെയ്യുകയും പട്ടികയായി രേഖപ്പെടുത്തുകയും ചെയ്യുക. വെള്ളം പാഴാക്കുന്നത് എങ്ങനെ ഒഴിവാക്കാം? ഗ്രൂപ്പുകളായി ചേർന്ന് മൂന്ന് പരിഹാരങ്ങളെക്കുറിച്ച് ചിന്തിക്കുകയും അവ നിങ്ങളുടെ നോട്ട്ബുക്കിൽ എഴുതുകയും ചെ യ്യു ക



© NCERT not to be republished

